"ഭരണഭാഷ-മാതൃഭാഷ-"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : വി.എൻ.ജിതേന്ദ്രൻ)

തിരുവനന്തപുരം

ഉത്തരവ് നം.: E8-24788/14. തീയതി: 9-1-2015

---

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - ഡ്രൈവർമാരുടെ സ്ഥലംമാറ്റം - പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. 7.11.2014ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇ8/24788/14 നം. നടപടിക്രമം.

2. ഡ്രൈവർമാരായ ശ്രീ.പി.മുഹമ്മദ് ബഷീർ, ശ്രീ.ഫൈസൽ ബിൻ ഹംസ എന്നിവരുടെ അപേക്ഷ.

3. 01.12.2010-ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 13532/എ.ആർ.13(2)/10/ഉ.ഭ.പ.വ നമ്പർ സർക്കുലർ.

സാമൂഹ്യനീതി വകുപ്പിൽ ജോലി നോക്കി വരുന്ന വിവിധ ഡ്രൈവർമാർ സ്ഥലംമാറ്റം നൽകണമെന്ന ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ചുകൊണ്ട് പരാമർശം ഒന്നിലെ നടപടിക്രമം പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഉത്തരവിൽ ഭരണപരമായി സ്ഥലംമാറ്റം ചെയ്യപ്പെട്ട ഡ്രൈവർമാരായ ശ്രീ.പി.മുഹമ്മദ് ബഷീർ, ശ്രീ.ഫൈസൽ ബിൻ ഹംസ എന്നിവർ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ശ്രീ.ഫൈസർ ബിൻ ഹംസയുടെ മകൾക്ക് മാനസികവൈകല്യം ഉള്ളതിനാൽ ടിയാളുടെ ശുശ്രൂഷയ്ക്ക് ശ്രീ.ഫൈസൽ ബിൻ ഹംസയുടെ സാമിപ്യം അനിവാര്യമാണെന്നും ആയതിനാൽ ടിയാൾക്ക് പെരിന്തൽമണ്ണ ഐ.സി.ഡി.എസിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരാമർശം മൂന്നിലെ സർക്കാർ ഉത്തരവ് പ്രകാരം മാനസിക വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് പ്രത്യേക പരിഗണന നൽകി അവർക്ക് കഴിവതും സൗകര്യപ്രദമായ സ്ഥലത്ത് നിയമനം നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സ്ഥലമാറ്റം അനുവദിച്ചിട്ടുള്ള മറ്റൊരു ഡ്രൈവറായ ശ്രീ.പി.മുഹമ്മദ് ബഷീറിന് 90 കി.മീറ്ററിൽ അധികം യാത്ര ചെയ്താൽ മാത്രമേ ഇപ്പോൾ സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ള തിരൂരങ്ങാടി ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ എന്നും ആയതിനാൽ ടിയാൾക്ക് മലപ്പുറം ഐ.സി.ഡി.എസ് സെല്ലിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് ടിയാൻ സമർപ്പിച്ച അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇപ്രകാരം ജീവനക്കാർ സമർപ്പിച്ച അപേക്ഷകൾ വിശദമായി പരിശോധിക്കുകയുണ്ടായി. മാനസിക വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് ടി കുട്ടികളുടെ കാര്യങ്ങൾ നോക്കി നടത്തുന്നതിന് സൗകര്യപ്രദമായ രീതിയിൽ സ്ഥലം മാറ്റമനുവദിക്കണമെന്ന് സർക്കാർ നിർദ്ദേശമുള്ളതിനാലും മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലും ഭരണപരമായ സൗകര്യം മുൻനിറുത്തിയും ചുവടെ ചേർക്കുന്ന ഡ്രൈവർമാരെ അവരുടെ പേരിന് നേരെയുള്ള സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റം അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.

db@14

| ക്രമ നം. | ഡ്രൈവറുടെ പേര്, ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | സ്ഥലംമാറ്റം അനുവദിക്കാവുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ.ടി.പി.മുഹമ്മദ് ഇക്ബാൽ ഐ.സി.ഡി.എസ്, പെരിന്തൽമണ്ണ | ഐ.സി.ഡി.എസ് വേങ്ങര | ഭരണപരം |
| 2 | ശ്രീ.പി.മുഹമ്മദ് ബഷീർ ഐ.സി.ഡി.എസ്, തിരൂരങ്ങാടി | ജില്ലാതല ഐ.സി.ഡി.എസ് സെൽ, മലപ്പുറം | അപേക്ഷ |
| 3 | ശ്രീ.എൻ.ജയചന്ദ്രൻ ജില്ലാതല ഐ.സി.ഡി.എസ് സെൽ മലപ്പുറം | ഐ.സി.ഡി.എസ് തിരൂരങ്ങാടി | ഭരണപരം |
| 4 | ശ്രീ.ഫൈസൽ ബിൻ ഹംസ ഐ.സി.ഡി.എസ്, വേങ്ങര | ഐ.സി.ഡി.എസ് പെരിന്തൽമണ്ണ | അപേക്ഷ |

ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:

1. ശിശുവികസന പദ്ധതി ഓഫീസർ, തിരൂരങ്ങാടി, പെരിന്തൽമണ്ണ, വേങ്ങര, ഐ.സി.ഡി.എസ് സെൽ, മലപ്പുറം.
2. ജില്ലാ സാമൂഹ്യനീതി ആഫീസർ, മലപ്പുറ.
3. സ്റ്റോക്ക് ഫയൽ/ സ്പെയർ.

**ഉത്തരവിൻപ്രകാരം**

സൂപ്രണ്ട്

db@14